# കിങ്ങ്ഡം ഓഫ് സൌദി അറേബ്യയിലെ കിരീടാവകാശിയും ഉപ പ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായ ആദരണീയനായ രാജകുമാരന് സല്മാന് ബിന് അബ്ദുള് അസീസ് അല് സൌദ് ഔദ്യോഗികമായി ഇന്ത്യ സന്ദര്ശിക്കുന്നു

ഫെബ്രുവരി 21, 2014

കിങ്ങ്ഡം ഓഫ് സൌദി അറേബ്യയിലെ കിരീടാവകാശിയും ഉപ പ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായ ആദരണീയനായ രാജകുമാരന് സല്മാന് ബിന് അബ്ദുള് അസീസ് അല് സൌദ് , ഔദ്യോഗിക സന്ദര്ശനത്തിനു ഇന്ത്യയില് എത്തുന്നു . ഫെബ്രുവരി 26 മുതല് 28 വരെ (ഫെബ്രുവരി 26 - 28 , 2014) യാണ് സന്ദര്ശനം . ആദരണീയനായ ഉപ രാഷ്ട്രപതി ശ്രീ എം ഹമീദ് അന്സാരിയുടെ ക്ഷണം സ്വീകരിച്ചാണ് സന്ദര്ശനം . ക്യാബിനറ്റ് മന്ത്രിമാര് , ഉന്നത ഉദ്യോഗസ്ഥര് വ്യവസായ തലവന്മാര് അടക്കമുള്ള ഉന്നത തല പ്രതിനിധി സംഘവും അദ്ദേഹത്തെ അനുഗമിക്കുന്നുണ്ട്

രണ്ടായിരത്തി ആറില് റിപ്പബ്ലിക് ദിന ആഘോഷങ്ങളില് മുഖ്യ അതിഥിയായി രണ്ടു മുസ്ലീംപള്ളികളുടെ സംരക്ഷകന് ആയ ആദരണീയനായ രാജാവ് അബ്ദുള്ള ബിന് അബ്ദുള് അസിസ് അല് സൌദ് ഇന്ത്യ സന്ദര്ശിച്ചതിനു ശേഷം സൌദി അറേബ്യയില് നിന്നും നടത്തുന്ന ഉന്നത തല രാഷ്ട്രീയ സന്ദര്ശനം ആണ് ആദരണീയനായ രാജകുമാരന് സല്മാന് ബിന് അബ്ദുള് അസീസ് അല് സൌദ് നടത്തുന്ന ഈ ഉഭയകക്ഷി സന്ദര്ശനം . രണ്ടായിരത്തി പത്തില് ആദരണീയനായ പ്രധാനമന്ത്രി ഡോ. മന് മോഹന് സിംഗ് റിയാദ് സന്ദര്ശിക്കുകയും ഫെബ്രുവരി 28, 2012 ല് റിയാദ് ഡിക്ലറേഷന് ഒപ്പ് വയ്ക്കുകയും ചെയ്തത് ഉഭയകക്ഷി ഇടപാടുകളെ സുരക്ഷ, സാമ്പത്തികം, പ്രതിരോധം , രാഷ്ട്രീയ മേഖലകളെ ഉള്ക്കൊള്ളുന്ന

തന്ത്രപ്രധാന പങ്കാളിത്തത്തിലേക്ക് ഉയര്ത്തുകയുണ്ടായി .

സന്ദര്ശനത്തോട് അനുബന്ധിച്ച് സൌദി രാജകുമാരന് ആദരണീയനായ രാഷ്ട്രപതി ശ്രീ പ്രണബ് മുഖര്ജി , ആദരണീയനായ പ്രധാനമന്ത്രി ഡോ. മന് മോഹന് സിംഗ് എന്നിവരുമായി കൂടിക്കാഴ്ച നടത്തും. അദ്ദേഹം ഉപ രാഷ്ട്രപതി ശ്രീ എം ഹമിദ് അന്സാരിയുമായി കൂടിക്കാഴ്ച നടത്തും.

ഇന്ത്യയും സൌദി അറേബ്യയും തമ്മില് ജനങ്ങള് തമ്മിലുള്ള ബന്ധങ്ങള് വഴി വളരെ അടുപ്പമുള്ള സൌഹൃദമാണ് ഉള്ളത് . ഈ അടുത്ത കാലങ്ങളില് പരസ്പരം താത്പര്യമുള്ള പ്രധാന മേഖലകളില് , ഊര്ജ സുരക്ഷ, വ്യാപാരം , അടിസ്ഥാന് സൌകര്യ പദ്ധതികള് എന്നിവ ഉള്പ്പെടെയുള്ള ഉഭയകക്ഷി സഹകരണത്തില് ഗണ്യമായ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത് .

ഉഭയകക്ഷി വ്യാപാരത്തില് നമ്മുടെ നാലാമത്തെ ഏറ്റവും വലിയ പങ്കാളി ആണ് സൌദി അറേബ്യ. 2012-13 വര്ഷത്തില് ഉഭയകക്ഷി വ്യാപാരം 43 ബില്യണ് അമേരിക്കന് ഡോളര് കവിഞ്ഞിരുന്നു . ഇന്ത്യയുടെ ഏറ്റവും വലിയ ക്രൂഡ് എണ്ണ ദാതാവാണ് സൌദിഅറേബ്യ. 2012-13 യില് നമ്മുടെ മൊത്തം ഇറക്കുമതിയുടെ അഞ്ചില് ഒന്ന് ആയിരുന്നു സൌദിയുടെത്. സൌദി അറേബ്യയിലെ ഏറ്റവും വലിയ പ്രവാസി സമൂഹമാണ് ഇന്ത്യക്കാരുടെത്. അവരുടെ ആതിഥേയ രാജ്യത്തിന്റെ പുരോഗതിക്കും വികസനത്തിനും വേണ്ടി അവര് നല്കുന്ന സംഭാവനകളെ അംഗീകരിക്കപ്പെട്ടതാണ് . സൌദി അറേബ്യയില് ഇപ്പോള് ജോലി ചെയുന്നത് 2, 8 8 മില്ല്യണില് കൂടുതല് ഇന്ത്യക്കാര് ആണ് .

ന്യൂഡെല്ഹി
ഫെബ്രുവരി 21, 2014